"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- വയനാട് മാനന്തവാടിമുനിസിപ്പാലിറ്റിയിൽപ്പെടുന്ന പയ്യംമ്പള്ളി-കുറുക്കൻമൂല റോഡ് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി.-ക്കെതിരെയുള്ള നടപടി- OA (EKM) 66/2026 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.01.2026-ലെ ഉത്തരവ്- നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.741/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.09.2024-ലെ E16-(SC-29/23/WYD) 16640/2022/ DVACB നമ്പർ കത്ത്
2. വിജിലൻസ് (എഫ്) വകുപ്പിന്റെ 01.11.2024-ലെ വിജി-എഫ്1/188/2024-വിജി നമ്പർ കത്ത്.
3. 09.05.2025-ലെ EWA2/76/2024-LSGD നമ്പർ വിശദീകരണ മെമ്മോ.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി. 17.10.2025 തീയതിയായി സമർപ്പിച്ച വിശദീകരണം
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2025-ലെ LSGD/PD/19214/2025-VIGE1 നമ്പർ കത്ത്.
6. OA(EKM) 66/2026 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.01.2026-ലെ ഉത്തരവ്

**ഉത്തരവ്**

വയനാട് മാനന്തവാടി മുനിസിപ്പാലിറ്റിയിൽപെടുന്ന പയ്യംമ്പള്ളി-കുറുക്കൻമൂല റോഡ് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തുകയും പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ട് ശിപാർശകൾ നടപ്പിലാക്കുന്നതിനായി പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുമുണ്ടായി.

**വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ**

i. ചെയിനേജ് 0/500-നും 0/570-നും ഇടയിലായി റീ ടാറിംഗ് ചെയ്ത ഭാഗത്ത് ഒരു പോട്ട്ഹോൾ രൂപപ്പെട്ടിരുന്നത് കരാറുകാരൻ കോൺക്രീറ്റ് ചെയ്ത് റെക്ടിഫൈ

ചെയ്തിരുന്നു. എന്നാൽ കോൺക്രീറ്റ് ഇളകി വീണ്ടും കുഴിയായിട്ടുണ്ട്.

ii. ചെയിനേജ് 1/260, 1/280 റോഡിൽ റീ ടാറിംഗ് ചെയ്ത ഭാഗത്ത് കുഴികൾ രൂപപ്പെട്ടിട്ടുണ്ട്.

iii. ചെയിനേജ് 1/500-ൽ റോഡിൽ റീ ടാറിംഗ് ചെയ്ത ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കായതിനെ തുടർന്ന് കുഴി രൂപപ്പെട്ടത് കരാറുകാരൻ കോൺക്രീറ്റ് ചെയ്തിരുന്നു. എന്നാൽ വീണ്ടും കുഴി രൂപപ്പെട്ടിട്ടുണ്ട്.

2. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി.-യ്ക്ക് (PEN-452588) വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം വിശദീകരണ മെമ്മോ നൽകുകയുണ്ടായി.

3. **അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സമർപ്പിച്ച പരാമർശം (4) വിശദീകരണത്തിൽ,** മാനന്തവാടി മുനിസിപ്പാലിറ്റിയിൽ 02.10.2021 മുതൽ 08.04.2022 വരെയുള്ള കാലയളവിൽ തനിക്ക് അസിസ്റ്റന്റ് എൻജിനീയറുടെ അധികച്ചുമതലയായിരുന്നു എന്നും chainage 0/500 1o 0/570, chainage 1/500 എന്നിവയിലെ പ്രവൃത്തികൾ തന്റെ കാലയളവിൽ അല്ല നടപ്പിലാക്കിയത് എന്നും അറിയിച്ചിരുന്നു. ചെയിനേജ് 1/260, 1/280 റോഡിൽ റീ ടാറിംഗ് ചെയ്ത ഭാഗത്ത് കുഴികൾ രൂപപ്പെട്ടിട്ടുണ്ട് എന്ന കണ്ടെത്തൽ സംബന്ധിച്ച്, പ്രസ്തുത റോഡ് പി.ഡബ്ല്യൂ.ഡി.-യുടെ കീഴിലുള്ള രണ്ടു സ്റ്റേറ്റ് ഹൈവേ റോഡുകളെ ബന്ധിപ്പിക്കുന്നതും ബൈപാസ് ആയി പ്രവർത്തിക്കുന്നതും വളരെയധികം ഭാരവാഹനങ്ങൾ നിത്യേന കടന്നുപോകുന്നതുമാണ് എന്നും Gradient കുറയ്ക്കുന്നതിന് വേണ്ടി മണ്ണ് cut ചെയ്ത് നിർമ്മിച്ചതിനാൽ റോഡിന്റെ ഇരുവശങ്ങളിലും മൺതിട്ടകൾ ഉയർന്നുനിൽക്കുന്നതിനാലും മതിയായ ഡ്രെയിനേജ് സംവിധാനങ്ങൾ ഇല്ലാത്തതിനാലും മഴക്കാലത്ത് റോഡിലൂടെ വെള്ളം കുത്തിയൊലിച്ച് ഒഴുകുന്നതിനാലും റോഡ്ക്യാരേജ് വേയുടെ ടാറിങ്ങിന് അടിയിലൂടെ കടന്നു പോകുന്ന വാട്ടർ അതോറിറ്റിയുടെ കാലഹരണപ്പെട്ട ജലവിതരണ പൈപ്പുകൾ പൊട്ടി ജലം ലീക്കായതിനാലുമാണ് റോഡിന് കേടുപാടുകൾ സംഭവിക്കുന്നത് എന്നും മേൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം പൈപ്പ് ലൈൻ ലീക്കായി ടാറിങ് ഇളകിക്കിടക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിക്ക് യഥാസമയം കത്ത് നൽകിയിട്ടുള്ളതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടിവ് എഞ്ചിനീയറെ അറിയിച്ചിട്ടുള്ളതുമാണ് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി അറിയിച്ചിരിക്കുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല എന്നും മതിയായ ഡ്രെയിനേജ് സംവിധാനം നിർമിക്കുന്നതിലൂടെയും റോഡ്ക്യാരേജ് വേയുടെ അടിയിൽ സ്ഥിതിചെയ്യുന്ന കാലഹരണപ്പെട്ട ജലവിതരണ പൈപ്പുകൾ മാറ്റുന്നതിലൂടെയും മാത്രമേ റോഡ് നിലനിൽക്കുകയുള്ളു എന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി. വിശദീകരണത്തിൽ അറിയിച്ചു.

4. **പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ,** ചെയിനേജ് 0/570 മുതൽ 1/300 വരെയുള്ള ഭാഗത്താണ് തന്റെ കാലയളവിൽ പ്രവൃത്തി

നടപ്പാക്കിയതെന്നും 0/500-0/570, 1/500 ചെയിനേജുകളിലെ പ്രവൃത്തി തന്റെ കാലയളവിലല്ല നടപ്പാക്കിയതെന്നുമുള്ള അസിസ്റ്റന്റ്എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി.-യുടെ വാദം പ്രസ്തുതപ്രവൃത്തിയുടെ M-book രേഖപെടുത്തലുകൾ പരിശോധിച്ചതിൽ സാധൂകരിക്കുന്നുണ്ട് എന്ന് അറിയിച്ചു. സൈറ്റ് പരിശോധനയിൽ പുതിയ ഒരു പദ്ധതിയുടെ ഭാഗമായി പയ്യംമ്പള്ളി-കുറുക്കൻമൂല റോഡ് scarify ചെയ്തതായി കാണപ്പെടുന്നു എന്നും വാട്ടർ അതോറിറ്റി പൈപ്പുകളിൽ ചോർച്ച കരിശുപള്ളിയുടെ സമീപമുൾപ്പെടെ രണ്ടിടങ്ങളിലായി ഇപ്പോഴും നിലവിലുണ്ട് എന്നും ഡിഫെക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ റോഡിന് കേടുപാടുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചിരുന്നതായി കാണുന്നു എന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടു. Defect Liability Period അവസാനിച്ചതിന് ശേഷമാണ് വിജിലൻസ് പരിശോധന നടത്തിയത് എന്നും വിജിലൻസ് റിപ്പോർട്ടിലെ പരാമർശങ്ങളുടെയും സൈറ്റ് പരിശോധനയുടെയും വെളിച്ചത്തിൽ, വാട്ടർ അതോറിറ്റി പൈപ്പ് ചോർച്ചയും മതിയായ ഡ്രൈനേജ് സംവിധാനം ഇല്ലാത്തതും റോഡിന്റെ തകർച്ചക്ക് കാരണമായിട്ടുണ്ടാകാം എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു.

5. തനിക്കെതിരെ ആരംഭിച്ച നടപടി തീർപ്പാക്കാത്തതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി. ഫയൽ ചെയ്ത OA (EKM) 66/2026 നമ്പർ കേസിൽ, പ്രസ്തുത നടപടി ആറാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കണമെന്ന് പരാമർശം (6) പ്രകാരം ബഹു. ട്രൈബ്യൂണൽ 16.01.2026-ൽ ഉത്തരവായിട്ടുണ്ട്.

6. പയ്യംമ്പള്ളി-കുറുക്കൻമൂല റോഡ് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ട്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി.-യുടെ വിശദീകരണം, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെയിനേജ് 0/570 മുതൽ 1/300 വരെയുള്ള ഭാഗത്ത് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി.-യുടെ കാലയളവിൽ പ്രവൃത്തി നടപ്പാക്കിയത്, വാട്ടർ അതോറിറ്റി പൈപ്പ് ചോർച്ചയും മതിയായ ഡ്രൈനേജ് സംവിധാനം ഇല്ലാത്തതും റോഡിന്റെ
തകർച്ചക്ക് കാരണമായിട്ടുണ്ടാകാം, 02.10.2021 മുതൽ 08.04.2022 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി.-ക്ക് മാനന്തവാടി മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അധികചുമതലയായിരുന്നു എന്നീ കാര്യങ്ങൾ പരിഗണിച്ചതിൽ ടിയാൾക്കെതിരെ അച്ചടക്കനടപടിയിലേയ്ക്ക് കടക്കേണ്ട സാഹചര്യമില്ലെന്നു ബോധ്യപ്പെടുന്നു. വയനാട് മാനന്തവാടി മുനിസിപ്പാലിറ്റിയിൽപ്പെടുന്ന പയ്യംമ്പള്ളി-കുറുക്കൻമൂല റോഡ് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിജിലൻസ് മിന്നൽപരിശോധനാറിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഷിനോജ് റ്റി.വി. (PEN-452588)-ക്കെതിരെ വിശദീകരണമെമ്മോ നൽകി ആരംഭിച്ച നടപടിയിൽ ടിയാൾക്കെതിരെ അച്ചടക്ക നടപടിയിലേയ്ക്ക് കടക്കേണ്ട സാഹചര്യമില്ലാത്തതിനാൽ നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (6) പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. ഷിനോജ് റ്റി.വി. (PEN-452588), അസിസ്റ്റന്റ് എഞ്ചിനീയർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം. (ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)
3. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്(DPC list സംബന്ധിച്ച നടപടികൾക്കായി)
7. വിജിലൻസ് (എഫ്) വകുപ്പ് **(23.02.2026-ലെ VIG-F1/188/2024-VIG പ്രകാരം)**
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/76/2024-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 14-03-2026 16:34:57**

സെക്ഷൻ ഓഫീസർ